COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION, 1123

Wednesday, *the* *18th February 1948* / *6th Kumbham 1123*

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble President (Mr. L. M. Pylee, M.A., B.L.) in the Chair.

Mrs. K. M. R. Menon, Mrs. Dakshayani Velayudhan, Mrs. T. Francis, Rao Bahadur T. S. Narayana Ayyar and Messrs. K. S. Panicker and P. E. Warne were absent.

1. QUESTIONS AND ANSWERS

REPORT IN THE "മന്നണി" DATED 23RD THULAM 1123—R. S. S.—ACTIVITIES REGARDING

222. Mr. C. R. Iyyunni *(Nellayi):* Will Government be pleased to state,—

(*a*) has the attention of the Government been drawn to the article "കൊച്ചിയിലും ആർ. എസ്സ്. എസ്സ്." published in "മന്നണി" dated 23rd Thulam 1123;

(*b*) whether any enquiry has been conducted regarding the activities of such an organisation?

Rao Bahadur T. K. Nayar (*Prime Minister*):

(*a*) Yes.

(*b*) Yes.

Mr. P. Govinda Menon (*Ernakulam*): May I know, Sir, when the enquiry was conducted. That is to say, is it after the recent tragedy or before that?

Rao Bahadur T. K. Nayar *(Prime Minister)*: It is before that.

Mr. P. Govinda Menon (*Ernakulam*): Will the Hon'ble Prime Minister be pleased to divulge a general nature of the enquiry? I want details.

Rao Bahadur T. K. Nayar (*Prime Minister*): When Government found that this Association was organised, immediately the Commissioner was instructed to watch the work of the Association and the Commissioner, after making enquiries, has reported that there is nothing wrong. Even after the receipt of this question there was nothing wrong. After the tragedy the Association was banned. Special searches were made, and the report is kept here. In our State at least there is nothing wrong.

Mr. P. Govinda Menon (*Ernakulam*): Is the Prime Minister in a position to divulge to this House whether the searches did reveal any incriminating circumstances?

Rao Bahadur T. K. Nayar (*Prime Minister*): There is absolutely nothing wrong. The members immediately resigned.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അന്വേഷണം നടത്തിയ തിയ്യതിയൊന്നു പറയുവാൻ സാധിക്കുമോ?

Rao Bahadur T. K. Nayar *(Prime Minister)*: The Report is dated 7th January.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആ അന്വേഷണത്തിന്റെ ഫലമായിട്ട് എന്നു് ആ സ്ഥാപനം തുടങ്ങിയെന്നുള്ളതിന്റെ വല്ല വിവരവും കിട്ടീട്ടുണ്ടോ?

Rao Bahadur T. K. Nayar (*Prime Minister*): Please excuse me. This is a letter as already reported in my letter. So the first letter was on 7—11—1947.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ R. S. S. കാരെ ആയുധം കൊണ്ടുള്ള വല്ല അഭ്യാസങ്ങളും പരിശീലിപ്പിച്ചിരുന്നതായിട്ടോ, അല്ലെങ്കിൽ ഡ്രിൽ സമ്പ്രദായത്തിൽ എന്തെങ്കിലും പരിശീലനം നൽകിയിരുന്നതായിട്ടോ ഗവണ്മെണ്ടിന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: ഡ്രിൽ സമ്പ്രദായത്തിലുള്ള പരിശീലനം കുറെശ്ശെ നൽകിയിരുന്നു. ആയുധംകൊണ്ടുള്ള അഭ്യാസങ്ങൾ നടത്തിയിരുന്നുവൊയെന്നു് ഗവമ്മെണ്ടിനു് അറിവില്ല. ഫിസിക്കൽ എക്സർസൈസ്സു് ചെയ്യിക്കുകയെന്ന തരത്തിൽ ഡ്രില്ലും മറ്റും നടത്തിയിരുന്നു.

Mr. P. Govinda Menon (*Ernakulam*): Sir, I remember that Government has issued certain orders under the Defence of India Rules prohibiting camps and parades of a certain character. Had Government ever occasion to consider the applicability of that order to the organisation?

Rao Bahadur T. K. Nayar (*Prime Minister*): In fact the working of the Association is being watched whether that can be included in this category or not. But from their activities it is not found necessary to ban it.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഓർഗനൈസേഷന്റെ വാഷ്പികയോഗത്തിൽവെച്ചു് ആയുധംകൊണ്ടുള്ള പയറ്റു നടത്തിയിരുന്നതായി ഗവമ്മെണ്ടിന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: കളരിപയറ്റുപോലെ ചിലതൊക്കെ നടത്തീട്ടുണ്ടായിരിക്കാം. അതിൽ ആയുധം പ്രയോഗിച്ചുകൊണ്ടുള്ള ഒരു പയറ്റു നടത്തിയിട്ടുള്ളതായി ഗവമ്മെണ്ടിനു് അറിവില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: Camps and Parade ഓർഡർ പ്രകാരം ആയുധം കൊണ്ടുള്ള പരിശീലനം നടത്തണമെങ്കിൽ ഗവമ്മെണ്ടിന്റെ അനുമതിയോടുകൂടി വേണമെന്നു് ഗവമ്മെണ്ടു് ധരിച്ചിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ഉണ്ടായിരിക്കണം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെയുള്ള ഒരു അനുമതിക്കായി R. S. S. കാർ ആവശ്യപ്പെടുകയുണ്ടായിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവക്കു് അനുമതി കൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: അവരുടെ വാഷ്പികയോഗത്തിൽ സാങ്കേതികരീതിയിലുള്ള വല്ല പരേഡും നടത്തീട്ടുള്ളതായി ഗവമ്മെണ്ടിനു് അറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസ്സു് വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ചില വീടുകളിൽനിന്നു് അന്വേഷണത്തിന്റെ ഫലമായി ലാത്തികളും കിട്ടിയതായി പേപ്പർ റിപ്പോർട്ടിൽ കണ്ടതു ശരിയാണോ?

റാവുബഹദൂർ ടി. കെ. നായർ: ചില വീടുകളിൽനിന്നു വല്ലതും കിട്ടീട്ടുണ്ടാകും, എന്നല്ലാതെ അതിൽ ഗൌരവമായി വിചാരിക്കത്തക്ക ഒന്നുമില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ ഓർഗനൈസേഷനിൽ ഇന്ന സമുദായത്തിൽപ്പെട്ട ആളുകളേ അംഗങ്ങളാകവാൻ പാടുള്ളുവെന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അതിൽ ഹിന്തുക്കൾ മാത്രമെയുള്ളു.

Mr. P. Govinda Menon (*Ernakulam*): Is it only open to Hindus or non-muslims?

റാവുബഹദൂർ ടി. കെ. നായർ: അതു കണ്ടുപിടിക്കണമെങ്കിൽ അവരുടെ റൂൾസ്സു നോക്കണം.

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: R. S. S. പ്രവർത്തനങ്ങൾക്കു് കൊച്ചി ഗവമ്മെണ്ടിൽനിന്നു് എന്തെങ്കിലും സഹായം ചെയ്തുകൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: അവരുടെ വാർഷികയോഗത്തിൽ പരേഡിൽ സംബന്ധിച്ചവക്കു് റേഷൻ അനുവദിച്ചു കൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: മറ്റുള്ളവക്കു് ചില പ്രത്യേക ആവശ്യങ്ങൾക്കു് റേഷൻ അനുവദിക്കുന്നതുപോലെ ഒരുപക്ഷെ ഇവക്കും അനുവദിച്ചുകൊടുത്തിട്ടുണ്ടായിരിക്കാം.

മിസ്റ്റർ ജോസു് കെ. വട്ടീസ്സു്: ഇതിന്റെ ശരിയായ ഉത്ഭവം എന്നുമുതല്ക്കാണു്?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: ഇതു തുടങ്ങിയ വിവരം പുറത്തായതിന്നുശേഷമാണു് അതിനെകുറിച്ചു അന്വേഷിച്ചതു്. അതാണു് ഫൻ൪൭ നവമ്പറിൽ അന്വേഷണം നടത്തി എന്നു പറഞ്ഞതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഞാൻ ഈ ചോദ്യം അയച്ചതു് കഴിഞ്ഞ കൌൺസിലിന്നു മുമ്പാണെന്നു് ഗവമ്മെണ്ടിന്നറിയാമൊ?

റാവുബഹദൂർ ടി. കെ. നായർ: കഴിഞ്ഞ കൌൺസിലിന്നു മുമ്പായിരിക്കാം. അതിനുമുമ്പെ അന്വേഷണം നടത്തിയിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: അവർ വാർഷിക പരേഡു് നടത്തിയതു സക്കാർ അധീനതയിലുള്ള സ്ഥലത്തുവെച്ചാണെന്നു ഗവമ്മെണ്ടിന്നറിയാമൊ?

റാവുബഹദൂർ ടി. കെ. നായർ: ആയിരിക്കാം.

മിസ്റ്റർ ജോസു് കെ. വറ്റീസ്സു്: ഈ സഭയിലെ ഏതെങ്കിലും മെമ്പർമാർ അതിലെ അംഗമായിരുന്നിട്ടുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: അറിഞ്ഞുകൂടാ.

മിസ്റ്റർ ജോസു് കെ. വറ്റീസ്സു്: അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: അന്വേഷിച്ചിട്ടില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ചൌധരി ജി. എസ്സു്. ധാരാസിംഗു് അതിലെ ഒരു മെമ്പറായിരുന്നു എന്നു ഗവമ്മെണ്ടു വല്ല ദിക്കിലും പ്രസ്താവിച്ചിട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഗവമ്മെണ്ടു പ്രസ്താവിച്ചിട്ടുള്ളതായി അറിവില്ല.

മിസ്റ്റർ എം. കെ. രാജ: അതാതു സമുദായങ്ങളുടെ പ്രത്യേക താല്പര്യങ്ങളെ മാത്രം രക്ഷിക്കുവാൻവേണ്ടിയുള്ളവയൊഴിച്ചു് ഇതുപോലെ ചില സമുദായക്കാർക്കുമാത്രം പ്രവേശനമുള്ള സംഘടനകളെ പൊതുവിൽ നിരോധിക്കുവാൻ വല്ല ഉദ്ദേശവും ഗവമ്മെണ്ടിന്നുണ്ടൊ?

Rao Bahadur T. K. Nayar (*Prime Minister*): That is a political question which has to be seriously considered and that is all what I can say now.

മിസ്റ്റർ കെ. അയ്യപ്പൻ: ഇവിടെ വർഗ്ഗീയ വൈരം വളർത്തുകയും അക്രമപ്രസക്തി വളർപ്പിക്കുകയും ചെയ്യുന്നു എന്നുള്ള കാരണം പറഞ്ഞുകൊണ്ടു് പൊളിറ്റിക്കൽ അല്ലാത്ത സാമുദായിക സംഘടനകളെ നിരോധിക്കണമെന്നു ഗവമ്മെണ്ടിന്നു വല്ല ഉദ്ദേശവുമുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: സാമുദായിക സംഘടനകളെ തടയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: അക്രമവും സാമുദായിക വിദ്വേഷവും വളർപ്പിക്കുന്ന സാമുദായികങ്ങളല്ലാത്ത സംഘടനകളെ തടയണമെന്നു ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: അക്രമം പ്രവർത്തിക്കുന്നതു് ഏതു സംഘടനയായാലും അതിനെ തടയണം.

ചൌധരി ജി. എസ്സു്. ധാരാസിംഗു്: മിനിഞ്ഞാന്നത്തെ പ്രജാമിത്രം പത്രത്തിൽ ചൌധരി ധാരാസിംഗു് R. S. S. പ്രവർത്തനത്തിൽ പെട്ടിട്ടുള്ള ആളാണെന്നും പോലീസു മേധാവികൾ അദ്ദേഹത്തോടു് ഒരു സ്റ്റേറ്റുമെൻറു് എഴുതി വാങ്ങീട്ടുണ്ടെന്നുമുള്ള ഒരു പ്രസ്താവന കാണുകയുണ്ടായി. ആ പ്രസ്താവന ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഇപ്പോൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

ചൌധരി ജി. എസ്സു്. ധാരാസിംഗു്: ആ റിപ്പോർട്ടു് വായിച്ചാൽ ഗവമ്മെണ്ടിന്നു ബോദ്ധ്യം വന്നിരിക്കുന്നു എന്നുള്ള തരത്തിൽ എഴുതിയിട്ടുള്ളതായി തോന്നും. അതിൽ വല്ല വാസ്തവവുമുണ്ടൊ? ഗവമ്മെണ്ടിന്നു് അങ്ങിനെ ബോദ്ധ്യം വന്നിട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഞാൻ ആദ്യംപറഞ്ഞു മിസ്റ്റർ ധാരാസിംഗു് മെമ്പറാണൊ എന്നു് അറിഞ്ഞുകൂടായെന്നു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ആ റിപ്പോർട്ടു് ശരിയല്ല എന്നുണ്ടെങ്കിൽ ഗവമ്മെണ്ടിന്നു് അതിനെ നിഷേധിക്കാമൊ?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ: അതു് ഈ മെമ്പർതന്നെ നിഷേധിക്കുകയായിരിക്കും ഉത്തമം.

മിസ്റ്റർ എം. കെ. രാജ: ഗവമ്മെണ്ടിന്നു ബോദ്ധ്യമായിട്ടുണ്ടൊ ഇല്ലയൊ എന്നു നോട്ടീസുചെയ്യുന്നതിന്നു ഗവമ്മെണ്ടു് അതിനെ നിഷേധിക്കേണ്ടതല്ലെ?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ ഒരു നോട്ടീസു ഗവമ്മെണ്ടിന്നു കിട്ടിയിട്ടില്ല.

ചെഴധരി ജി. എസ്സു്. ധാരാസിംഗ്: ഗവമ്മെണ്ടിന്നു ബോദ്ധ്യം വന്നിട്ടുണ്ടൊ ഇല്ലയൊ എന്നുള്ളതിന്നു ഗവമ്മെണ്ടിന്റെ ഒരു സ്റ്റെറ്റുമെൻറു് ആവശ്യമാണു്.

REVISION OF PAY OF TREASURY OFFICERS OF COCHIN-KANAYANNUR AND TRICHUR TALUKS—PROPOSAL REGARDING

223. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയംമറുപടി പറയുമൊ.—

(എ) കൊച്ചികണയന്നൂർ താലൂക്കിലേയും തൃശ്ശിവപേരൂർ താലൂക്കിലേയും ട്രഷറി ആഫീസ്സർമാരുടെ തസ്തിക ഡിവിഷണൽ ട്രഷറി ആഫീസ്സരുടേതാക്കി ൧൫൦ കു. മുതൽ ൨൦൦കു. വരെ ശമ്പളത്തിൽ ഉയർത്തുന്നതിന്നു വല്ല നിർദ്ദേശവും ഏതാണ്ടു് കൊല്ലത്തിന്നു മുൻപു് ഫിനാൻസു് കൺട്രോളർ ഗവമ്മെണ്ടിലേക്കു് സമർപ്പിക്കുകയുണ്ടായോ;

(ബി) ഉണ്ടായെങ്കിൽ അതേപ്പറ്റി എന്തു ഉത്തരവായി?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ഉണ്ടായി.

(ബി) പ്രസ്തുത നിർദ്ദേശം ഗവമ്മെണ്ടു് അംഗീകരിച്ചില്ല. ദിവാൻപേഷ്കാരുടെ ശുപാർശപ്രകാരം ട്രഷറിയിൽ ജോലി നോക്കുന്നതിന്നു കൂടുതൽ സ്റ്റാഫ് അനുവദിക്കുകയാണു ചെയ്തതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ട്രഷറിയിൽ വർദ്ധിച്ചുവന്ന ജോലിയെ പരിഗണിച്ചു ട്രഷറി ആഫീസുക്കു ശമ്പളം കൂട്ടണമെന്നാണൊ കൺട്രോളർ ശുപാർശ ചെയ്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജോലി വർദ്ധിച്ചതിന്നു ക്ലാർക്കുമാരുടെ തസ്തിക വർദ്ധിപ്പിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ക്ലാർക്കുമാരെ വർദ്ധിപ്പിച്ചാൽ ട്രഷറി ആഫീസ്സരുടെ ജോലിക്കു കുറവു വരുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജോലി വർദ്ധിച്ചതിനെ പരിഗണിച്ചു് അദ്ദേഹത്തെ അസിസ്റ്റു ചെയ്യുന്നതിന്നു കൂടുതൽ ആളുകളെ വെച്ചുകൊടുത്തു.

RATIONING OF SUGAR—DETAILS REGARDING

224. മിസ്റ്റർ ആർ. എസ്സു്. തേവണ്ണഗൌണ്ടർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) റേഷൻകാർഡുപ്രകാരം മുഴവൻ പഞ്ചസാരയും ഗവമ്മെണ്ടിൽനിന്നും വിതരണം ചെയ്യുന്നുണ്ടൊ;

(ബി) പകുതി വീതം കാർഡുകാർക്കു കൊടുത്തു ബാക്കിവരുന്ന പഞ്ചസാര കൂടുതൽ വിലക്കു വില്ക്കുന്നുണ്ടൊ;

(സി) ഉണ്ടെങ്കിൽ എന്തു വിലക്കാണു വിറ്റുവരുന്നതു്;

(ഡി) ഇപ്പോൾ ഗവമ്മെണ്ടിൽനിന്നും ഓത്തൽ മനുഷ്യനു ൧൦ ണ. വീതം വിറ്റുവരുന്ന പഞ്ചസാര എതാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉവ്വു്.

(ബി) ഇല്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) റേഷൻ കാർഡുപ്രകാരം കിട്ടുവാൻ അവകാശപ്പെട്ട പഞ്ചസാരയിൽ കൂടുതലായി ആവശ്യപ്പെടുന്നവർക്കു കൂടുതൽ വില കൊടുക്കണമെന്ന നിയമമുണ്ടായിരുന്നു. കൂടുതൽ കൊടുക്കുന്നവർക്കു പ്രത്യേക കോട്ടയൊന്നുമില്ല. പൊതുവെയുള്ള കോട്ടയിൽനിന്നു തന്നെ അത്യാവശ്യമുള്ളവർക്കു കൊടുത്തുവരുന്നു. ഇങ്ങിനെ കൊടുക്കുന്ന പഞ്ചസാര വളരെ

LIBRARY ARCHIVES Kerala Legislative Assembly